കുടുംബശ്രീ സംസ്ഥാനമിഷന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIMK) കോഴിക്കോട് സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി സംബന്ധിച്ച്

- പരിശീലന തീയ്യതി - 2017 ജൂലായ് 21, 22
- പരിശീലന സ്ഥലം - ഐ ഐ എം കെ ക്യാമ്പസ്, കുന്ദമംഗലം
- പരിശീലനത്തിന് നേതൃത്വം- പ്രൊഫ.പ്രിയ നായർ, ഡോ.സിമി ജോയ്
- പരിശീലനത്തിൽ പങ്കെടുത്തവർ-30 പേർ
- പരിശീലന വിഷയം - മാനേജീരിയൽ എക്സലൻസ് പ്രോഗ്രാം

പരിശീലനം സംബന്ധിച്ച്

**നേട്ടങ്ങൾ**

1. എനിക്ക് ഈ മേഖലയിൽ ലഭിച്ച ആദ്യ പരിശീലനമായിരുന്നു.
2. ഇത്തരമൊരു വലിയ സ്ഥാപനം നമ്മുടെ നാട്ടിലുണ്ടെന്ന് കാണാനും പരിചയപ്പെടാനും സാധിച്ചത് വലിയൊരു കാര്യമായി.
3. പ്രകൃതിക്ക് കോട്ടം തട്ടാതെ ഒരു വലിയ സ്ഥാപനം എങ്ങിനെ സ്ഥാപിക്കാമെന്നും പരിപാലിക്കാമെന്നതും കാണുവാൻ സാധിച്ചു.
4. നല്ല ഭക്ഷണം, താമസസൗകര്യങ്ങൾ (മുടക്കുന്ന തുകയെ കുറിച്ച് പരിശീലനാർത്ഥികൾക്ക് അറിയില്ല - അതിനാൽ മറ്റ് ആകാക്ഷകളുമില്ല)
5. മാനേജ്മെന്റ് രീതികളെ കുറിച്ചുള്ള ചെറിയൊരു അറിവ് മനസ്സിലാക്കുവാൻ സാധിച്ചു.
6. ടൈം മാനേജ്മെന്റ് പോലുള്ള ആധുനീക സമുഹത്തിൽ ഏറെ പ്രധാനമായ കാര്യങ്ങളെ കുറിച്ചുള്ള ചില മിന്നലുകളഉം പരിശീലന വേളയിൽ കാണുവാൻ ഇടയായി.
7. ഭാവി പ്രവർത്തനങ്ങൾക്കാവശ്യമായ ചില സ്ഫുലിംഗങ്ങൾ അവിടെയിവിടെയായി കാണാൻ കഴിഞ്ഞു. പക്ഷേ ഇത്തരമൊരു ചർച്ച കുടുംബശ്രീ സംസ്ഥാനമിഷന് നേരിട്ട് സംഘടിപ്പിക്കാവുന്നതേയുള്ളൂ.

**പോരായ്മകൾ**

1. തീരെ കുറഞ്ഞ സമയം - മാനേജ്മെന്റ് എന്ന വലിയൊരു വിഷയത്തിന്റെ ചെറിയൊരു അംശം പോലും പരിചയപ്പെടാൻ ഉള്ള സമയം തീരെ ഇല്ലായിരുന്നു.
2. ഭാഷ - ഇംഗ്ലീഷിൽ മാത്രമുള്ള കമ്മ്യൂണിക്കേഷൻ ലക്ഷ്യത്തിലെത്താൻ സമയം വല്ലാതെ ആവശ്യപ്പെട്ടു. ആദ്യ ദിനം ഇക്കാര്യം ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് രണ്ടാംദിവസം സംസാരത്തിൽ മലയാളം കൂടി കടന്നു വന്നു.
3. ജില്ലാമിഷൻ ടീമുകളെ ( ഒരു ജില്ല പൂർണ്ണമായും) വ്യത്യസ്ത ഘട്ടങ്ങളിലായി പരിശീലനത്തിന് അയക്കുന്ന രീതിക്ക് പകരമായി മിഷൻ ജില്ലാ ടീമിനെ പൂർണമായും ഒരുമിച്ച് പരിശീലനത്തിന് എത്തിക്കുകയും ടീമിനെ

ഒന്നിച്ചിരുത്തി വൈദഗ്ധ്യ പരിശീലന രീതികളിൽ മുഴുകുകയും ചെയ്തിരുന്നെങ്കിൽ ടീം പ്രവർത്തനങ്ങളിൽ പ്രകടമായ മാറ്റം സംഭവിക്കു മായിരുന്നു. (അതായത് - പങ്കാളിത്ത രീതി മാറ്റണം).

4. കുടുംബശ്രീയിൽ വന്ന മാറ്റങ്ങൾ കൂടി ഉൾക്കൊണ്ട് കൂടിയുള്ള പരിശീലനം ആയിരുന്നു നൽകേണ്ടത്. (പരിശീലകർ അപ്ഡേറ്റ് ആവുന്നില്ല.)
5. കേവലം അക്കാദമിക് താല്പര്യം മാത്രം വെച്ചു കൊണ്ടുള്ള പരിശീലനമായി മാറുകയും പ്രായോഗിക താല്പര്യങ്ങൾക്ക് സ്ഥാനം ലഭിക്കാതിരിക്കുകയും ചെയ്തു.
6. സംസ്ഥാനമിഷൻ പ്രതിനിധികൾ വാട്സ് അപ്പിലൂടെ അവകാശപ്പെട്ട രീതിയിൽ കുടുംബശ്രീ ടീം ബിൽഡിംഗ് എന്ന ലക്ഷ്യം ഒട്ടും സാധിച്ചില്ല.

## തുടർപ്രവർത്തനങ്ങൾ

1. മാനേജ്മെന്റ് പരിശീലനം ജില്ലാമിഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ എത്രമാത്രം പ്രതിഫലിച്ചു എന്നത് പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കണം.
2. ഓഫീസ് ജീവനക്കാർക്കും ഇത്തരം പരിശീലനം നൽകണം. മിഷന്റെ പ്രവർത്തന വേഗത (അതിലെ എല്ലാ ഘടകങ്ങളും ഒരു പോലെ, ഒരേ വേഗതയിൽ, ഒരേ ദിശയിൽ മുന്നോട്ട് പോകുന്ന സാഹചര്യത്തെ അധികരിച്ചാണ് നിലനിൽക്കുന്നത്) വർധിപ്പിക്കാൻ ഇത്തരം പരിശീലനം അത്യാവശ്യമാണ്.
3. ഐ ഐ എം കെ കുടുംബശ്രീയെ കുറിച്ച് നടത്തുന്ന പഠനപരിപാടി സമയബന്ധിതമായി പൂർത്തീകരിക്കുകയും ഇത്തരം പഠനറിപ്പോർട്ടുകളെ കൂടി അടിസ്ഥാനമാക്കി കുടുംബശ്രീ അടുത്ത 20 വർഷത്തിൽ എന്ന ലക്ഷ്യം തയ്യാറാക്കുകയും വേണം.
4. സി ഡി എസ്സുകളുടെ പ്രവർത്തനങ്ങൾക്കും നൂതന മാനേജ്മെന്റ് രീതികൾ പ്രാവർത്തികമാക്കുവാൻ ആവശ്യമായ പരിശീലനം നൽകണം.

ഇ കെ സോമശേഖരൻ
അസി.ജില്ലാമിഷൻകോ-ഓഡിനേറ്റർ
കുടുംബശ്രീ, കണ്ണൂർ